**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2432** **18-6-2014-ൽ മറുപടിക്ക്**

**ജിക്കാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ.<br>ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. എം. എ. വാഹീദ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ജൈക്ക ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസിംഗ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ ജൈക്ക പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ കോ ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും, പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായി വരുന്ന നിർദ്ദേശങ്ങളും അംഗീകാരങ്ങളും കേരള വാട്ടർ അതോറിറ്റി ബോർഡിൽ നിന്നും ലഭിക്കുന്നുണ്ട്. |

(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളാണ് കമ്മീഷൻ ചെയ്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന ചേർത്തല പദ്ധതി 2012 ജനുവരി മാസത്തിൽ പൂർണ്ണമായും, പട്ടുവം പദ്ധതി 2013 മാർച്ച് മാസത്തിൽ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വിശദമാക്കുമോ;

(സി) ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന കോഴിക്കോട് പദ്ധതി കമ്മീഷൻ ചെയ്യുവാനുണ്ട്. പ്രസ്തുത പദ്ധതി 2014 സെപ്തംബർ മാസത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ ഭാഗികമായി കമ്മീഷൻ ചെയ്ത തിരുവനന്തപുരം, മീനാട്, പട്ടുവം എന്നീ പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാനുണ്ട്. ഇവ 2015 മാർച്ച് മാസത്തോടെ പൂർത്തിയാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ജലവിഭവ വകുപ്പ് മന്ത്രിയുടെ തലത്തിലും, വാട്ടർ അതോറിറ്റി എം.ഡി., ചീഫ് എൻജിനീയർ എന്നിവരുടെ തലത്തിലും യോഗങ്ങൾ നടത്തി പദ്ധതിയിലൂടെ അവലോകനം നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ